STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.17/PR/SPMC/PHQ/2025 Date: 01.03.2025

# പൊലീസിന്റെ പരാതി പരിഹാര സംവിധാനം നിലവിൽ വന്നു

പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും ബോധിപ്പിക്കാനായി പരാതിപരിഹാര സംവിധാനം നിലവിൽ വന്നു. തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചുനടന്ന ചടങ്ങിലാണ് മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്തത്.

കേരള പോലീസിന്റെ ഓൺലൈൻ പോർട്ടലായ തുണയിലൂടെയോ പോൽആപ്പിലൂടെയോ പരാതി നൽകുകയോ മറ്റ് സേവനങ്ങൾക്കായി അപേക്ഷിക്കുകയോ ചെയ്യുന്ന വ്യക്തിക്ക് അപേക്ഷ പൂർത്തിയായശേഷം പോലീസ് സേവനത്തെക്കുറിച്ച് വിലയിരുത്താനും പരാതിപ്പെടാനുമായി ഒരു ലിങ്ക് അടങ്ങിയ SMS ഫോണിൽ ലഭിക്കുന്നതാണ്. ഈ ലിങ്കിലൂടെ തുണ പോർട്ടലിലേക്ക് പോവുകയും അവിടെ ലഭിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി പ്രതികരണങ്ങൾ അറിയിക്കാം, ഒപ്പം നിർദ്ദേശങ്ങൾ നൽകാനും കഴിയും.

പോലീസ് സേവനങ്ങളിൽ പരാതിയുണ്ടെങ്കിൽ അതും രേഖപ്പെടുത്താനാകും. അകാരണമായി അപേക്ഷ നിരസിക്കൽ, അപേക്ഷകൾക്ക് രസീത് നിരസിക്കൽ, മോശമായ പെരുമാറ്റം മുതലായവ റിപ്പോർട്ട് ചെയ്യുവാൻ കഴിയും. പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി സേവനങ്ങൾ നേടുന്നവർക്കായി പോലീസ് സ്റ്റേഷനിൽ പതിച്ചിട്ടുള്ള QR കോഡ് സ്കാൻ ചെയ്തു പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാം. ഇങ്ങനെ സമർപ്പിക്കുന്ന പരാതികൾ ജില്ലാ പോലീസ് മേധാവിക്ക് ലഭിക്കുന്നതാണ്. പരാതി പരിഹാരത്തിനായുള്ള നടപടികൾ പോലീസ് സ്റ്റേഷനിൽ നിന്ന് നടപ്പാക്കുന്നത് ജില്ലാ പോലീസ് മേധാവിയുടെ നിരീക്ഷണത്തിലായിരിക്കും.

****************************************************************